<u>വിവരാവകാശനിയമം - 2005</u>

i)മലയാള സിനിമയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് സഹായകമാവുക എന്ന ലക്ഷ്യത്തോടെ 1975-ൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സ്ഥാപിച്ചു. 1956-ലെ കമ്പനി നിയമ പ്രകാരമാണ് കോർപ്പറേഷൻ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സംസ്ഥാന സർക്കാർ നിയമിക്കുന്ന ഡയറക്ടർമാർ ചെയർമാൻ, മാനേജിംഗ് ഡയറക്ടർ എന്നിവർ ഉൾപ്പെടുന്ന ഡയറ്കടർ ബോർഡാണ് നയപരമായ തീരുമാനങ്ങൾ എടുക്കുന്നത്. ഡയറക്ടർ ബോർഡിന്റെ നിയന്ത്രണത്തിനും നിർദ്ദേശങ്ങൾക്കും വിധേയമായി മാനേജിംഗ് ഡയറക്ടർ (ചീഫ് എക്സിക്യൂട്ടിവ്) ദൈനംദിന ഭരണം നിർവ്വഹിക്കുന്നു.

ii) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഭരണവിഭാഗത്തിന്റെ വകുപ്പുമേധാവിയായി പ്രവർത്തിക്കുന്നു. ജീവനക്കാരുടെ സേവനം സംബന്ധിച്ച കാര്യങ്ങൾ, കോർപ്പറേഷന്റെ കീഴിലുള്ള സിനിമാ തിയേറ്ററുകളുടെ പ്രവർത്തനം സംബന്ധിച്ച കാര്യങ്ങൾ, ഡയറക്ടർ ബോർഡിന്റെ തീരുമാനങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുക എന്നിവയാണ് പ്രധാന ചുമതലകൾ.

ഫിനാൻസ് മാനേജർ ആന്റ് കമ്പനി സെക്രട്ടറിയാണ് അക്കൗണ്ട്സ് വിഭാഗത്തിന്റെ മേധാവി, കോർപ്പറേഷന്റെ വിവിധ വിഭാഗങ്ങളുടെ വരവു ചെലവു കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുക, വാർഷിക ലാഭ-നഷ്ട കണക്കുകൾ തയ്യാറാക്കുക, ബജറ്റ് തയ്യാറാക്കുക, ജീവനക്കാരുടെ ശമ്പളം തയ്യാറാക്കി വിതരണം ചെയ്യുക, സാമ്പത്തിക കാര്യങ്ങളിൽ മാനേജ്മെന്റിന് യഥാസമയം ഉപദേശം നൽകുക, സർക്കാരിൽ നിന്നും ലഭിക്കേണ്ട ബജറ്റ് വിഹിതം യഥാസമയം കൈപ്പറ്റുക എന്നിവയാണ് പ്രധാന ചുമതലകൾ. കോർപ്പറേഷന്റെ വസ്തുവകകളുടെ ഒറിജിനൽ കൈവശവകാശരേഖകൾ സൂക്ഷിക്കുന്നു. കമ്പനി സെക്രട്ടറി എന്ന നിലയിൽ ഡയറക്ടർ ബോർഡ് വിളിക്കുന്നതിന്, നോട്ടീസ് നൽകുക, ഡയറക്ടർ ബോർഡ് യോഗത്തിന്റെ നടപടി രേഖകൾ തയ്യാറാക്കി സൂക്ഷിക്കുക, കമ്പനി രജിസ്ട്രാറുമായി ഔദ്യോഗിക കത്തിടപാടുകൾ നടത്തുക, കമ്പനി നിയമത്തിനുള്ളിൽ വരുന്ന നടപടിക്രമങ്ങൾ നടപ്പിലാക്കുക, മുതലായവയും ഫിനാൻസ് മാനേജർ ആന്റ് കമ്പനി സെക്രട്ടറിയുടെ ചുമതലകളാണ്.

ചിത്രാഞ്ജലി സ്റ്റുഡിയോ മാനേജരാണ് സാങ്കേതിക വിഭാഗങ്ങളുടെ മേൽനോട്ടവും മേധാവിയും. സ്റ്റുഡിയോ മാനേജരുടെ കീഴിൽ ചീഫ് സൗണ്ട് എഞ്ചിനീയർ, ചീഫ് ലാബറട്ടറി ടെക്നീഷൻ, ക്യാമറാമാൻ, ഇലക്ട്രോണിക്സ് എഞ്ചിനീയർ, ഇലക്ട്രിക്കൽ എഞ്ചിനീയർ എന്നിവർ പ്രവർത്തിക്കുന്നു. ചലച്ചിത്ര നിർമ്മാണത്തിനുള്ള എല്ലാ സാങ്കേതിക സൗകര്യങ്ങളും ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ലഭ്യമാണ്.

iii) & iv) നയപരമായ വിഷയങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നത് ഡയറക്ടർ ബോർഡാണ്. സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയക്ക് ആവശ്യമായ ഹ്രസ്വചിത്രങ്ങൾ, പരസ്യചിത്രങ്ങൾ, ഡോക്യുമെന്ററികൾ എന്നിവ നിർമ്മിച്ചു നൽകുന്നതു സംബന്ധിച്ചു സർക്കാർ വ്യക്തമായ മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഡയറക്ടർ ബോർഡ് അംഗീകരിച്ച ചലച്ചിത്ര സംവിധായകരുടെ പാനലിൽ ഉൾപ്പെട്ടവരാണ് ഇത്തരം ചിത്രങ്ങൾ സംവിധാനം ചെയ്യുന്നത്. ഫിലിം ഓഫീസർ ഈ വിഭാഗത്തിന്റെ മേധാവിയാണ്.
കോർപ്പറേഷന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 11 സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുന്നു. ഈ തിയേറ്ററുകളിൽ പ്രദർശിപ്പിക്കേണ്ട ചിത്രങ്ങൾ ഇതിനായി രൂപം നൽകിയിട്ടുള്ള ചാർട്ടിംഗ് കമ്മിറ്റിയാണ് തെരഞ്ഞെടുക്കുന്നത്.

സ്റ്റുഡിയോയുടെ ഭരണ നിർവ്വണവുമായും ഉപഭോക്താക്കൾക്കു നൽകുന്ന സേവനങ്ങളുമായും ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്ത് മാനേജമെന്റിന് ശുപാർശ നൽകുന്നത് ഇതിനായി രൂപീകരിച്ചിട്ടുള്ള സ്റ്റുഡിയോ മാനേജിംഗ് കമ്മിറ്റിയാണ്.

v) & vi) കോർപ്പറേഷൻ അംഗീകരിച്ചിട്ടുള്ള സർവ്വീസ് ചട്ടങ്ങൾക്കും സർക്കാർ കാലാ കാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായിട്ടാണ് ജിവനക്കാർ തങ്ങളുടെ ചുമതലകൾനിർവ്വഹിക്കുന്നത്.

vii) & viii സർക്കാർ നിയമിക്കുന്ന ഡയറക്ടർ ബോർഡ് ആണ് നയപരമായ കാര്യങ്ങളിൽ തീരുമാനം എടുക്കുന്നത്. ഓരോ പ്രത്യേക മേഖലകളിൽ പ്രാവീണ്യം നേടിയവരും സർക്കാർ നിയമിക്കുന്ന പ്രതിനിധികളും ഡയറക്ടർ ബോർഡിൽ അംഗങ്ങളാണ്.
താഴെപ്പറയുന്നവരാണു് ബോർഡ് അംഗങ്ങൾ

1. സാബു ചെറിയാൻ, ചെയർമാൻ

2.ഇടവേള ബാബു, വൈസ് ചെയർമാൻ

3. ദീപ ഡി. നായർ IFS, മാനേജിംഗ് ഡയറക്ടർ

4.ജോഷി മാത്യു, മെമ്പർ

5. ദിലീപ് മെമ്പർ

6. സിദ്ദിഖ് മെമ്പർ

7.കെ.മധു മെമ്പർ

8.കല്യാണരാമൻ മെമ്പർ

9.സുരേഷ് ഉണ്ണിത്താൻ മെമ്പർ

10.ഷാജി കൈലാസ് മെമ്പർ

11.ക്യാപ്റ്റൻ രാജു മെമ്പർ

12.ഇബ്രാഹിം കുട്ടി മെമ്പർ

13.ബൈജു ദേവരാജ് മെമ്പർ

14 സലീം കുമാർ മെമ്പർ

15. എസ്.കുമാർ മെമ്പർ

16.കാലടി ഓമന മെമ്പർ

17.സീമാ ജി.നായർ മെമ്പർ

18. റാണി ജോർജ് IAS മെമ്പർ

19. കെ.പി.ചന്ദ്രമോഹനൻ മെമ്പർ

വിവരാവകാശനിയമം 2005 പ്രകാരമുള്ള പബ്ളിക് ഇൻഫർമേഷൻ ആഫീസർമാരുടെ പേരുകളും ഉദ്യോഗപ്പേരും മറ്റ് വിശദാംശങ്ങളും

അപ്പലേറ്റ് അതോറിറ്റി : മാനേജിംഗ് ഡയറക്ടർ
കെ.എസ്.എഫ്.ഡി.സി.
വഴുതയ്ക്കാട്, തിരുവനന്തപുരം-14

| | | സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാർ |
|---|---|---|
| 1 | കെ.എസ്.എഫ്.ഡി.സി ഹെഡ്ഡാഫീസ് & കലാഭവൻ തിയേറ്റർ വഴുതക്കാട്, തിരുവനന്തപുരം | ശ്രീ.ഒ.വി.തദേവൂസ്<br>അസി. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ<br>(ഫോൺ:0471 - 2325325) |
| 2 | ചിത്രാഞ്ജലി സ്റ്റുഡിയോ. തിരുവല്ലം. | ശ്രീ.ടി.ആർ.ലാലൻ,<br>സ്റ്റുഡിയോ മാനേജർ-i/c<br>(ഫോൺ: 0471 2380946) |
| 3 | കൈരളി/നിള/ശ്രീ തിയേറ്റർ, തമ്പാനൂർ തിരുവനന്തപുരം | ശ്രീ.ഡി.സതീഷ്<br>തിയേറ്റർ മാനേജർ-i/c<br>(ഫോൺ: 0471 2332747) |
| 4 | കൈരളി-ശ്രീ തിയേറ്റർ, കോഴിക്കോട് | ശ്രീ.എൻ.ഗോവിന്ദരാജ്<br>തിയേറ്റർ മാനേജർ-i/c<br>(ഫോൺ: 0495 - 2720325) |
| 5 | കൈരളി-ശ്രീ തിയേറ്റർ, തൃശൂർ | ശ്രീ.ജെ.പ്രസന്നൻ<br>തിയേറ്റർ മാനേജർ-i/c<br>(ഫോൺ: 0487 - 2330310) |
| 6 | ചിത്രാഞ്ജലി തിയേറ്റർ, ചിറ്റൂർ | ശ്രീ.വില്യം ജഗനാഥൻ<br>അസി. മാനേജർ-i/c<br>ഫോൺ: 0492 3221300 |
| 7 | ചിത്രാഞ്ജലി തിയേറ്റർ, ചേർത്തല | ശ്രീ.കെ.വിജയൻ<br>അസി.മാനേജർ-i/c<br>ഫോൺ - 0478 - 2822645 |
| 8 | ചിത്രാഞ്ജലി തിയേറ്റർ, വടക്കൻ. പറവൂർ | ശ്രീ.എസ്.കണ്ണുസ്വാമി<br>അസി. മാനേജർ-i/c<br>(ഫോൺ: 0484- 2442118) |